# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

09-05-2017 ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 2769

## കാസർകോട് തുറമുഖം ആരംഭിക്കാനുള്ള സാധ്യതകൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എൻ.എ.നെല്ലിക്കുന്ന് : | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി ( തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) കാസർകോട്ട് തുറമുഖം പ്രവർത്തിച്ചിരുന്നോ എന്ന് വെളിപ്പെടുത്തുമോ ; | (എ) യും (ബി) യും (സി) യും | കാസർഗോഡ് തുറമുഖം പ്രവർത്തിച്ചിരുന്നു. 1809-ൽ കാസർഗോഡ് തുറമുഖം നിലവിൽ വന്നു. പായ്ക്കപ്പലുകൾ മുഖേനയാണ് തുറമുഖത്ത് ചരക്ക് ഗതാഗതം നടന്നിരുന്നത്. 1903 വരെ അഴിമുഖം, നിലവിലുള്ള തുറമുഖ ഓഫീസിനു നേരെ പടിഞ്ഞാറ് ആയിരുന്നു. പ്രസ്തുത കാലഘട്ട ത്തിൽ ഈ അഴിയിൽക്കൂടി പായ്ക്കപ്പലുകൾ ചന്ദ്രഗിരിപ്പുഴയിൽ പ്രവേശിച്ച് കസ്റ്റംസ് ഹൗസിന്റെ മുന്നിലുള്ള വാർഫിൽ ചരക്ക് ഇറക്കുകയും കയറ്റുകയും ചെയ്തിരുന്നു. 1903-ലെ മൺസൂൺ കാലവർഷത്തോടുകൂടി അഴിമുഖം തുറമുഖ ഓഫീസിന്റെ എതിർവശത്തു നിന്നും തെക്ക് ചന്ദ്രഗിരി റയിൽവേ പാലത്തിന്റെ പടിഞ്ഞാറു വശത്തായി മാറി. അഴിമുഖം കാലാന്തരത്തിൽ വടക്കോട്ട് നീങ്ങുവാൻ തുടങ്ങി. ഇപ്പോൾ മാലിക് ദിനാർ പള്ളിയുടെ എതിർവശത്തായാണ് സ്ഥിതിചെയ്യുന്നത്. |
| (ബി) എങ്കിൽ എപ്പോഴായിരുന്നു വെന്നും പ്രസ്തുത തുറമുഖ ത്തിൽ നിന്നുള്ള കയറ്റിറക്കു മതി എപ്രകാരമായിരുന്നു വെന്നും വ്യക്തമാക്കാമോ ; | | |
| (സി) പ്രസ്തുത തുറമുഖം നിലവിലു ണ്ടായിരുന്നതാണെങ്കിൽ അത് ഇല്ലാതാകാനുള്ള കാരണം വ്യക്തമാക്കാമോ ; | | |
| (ഡി) കാസർകോട്ട് തുറമുഖം ആരംഭിക്കാനുള്ള സാധ്യതകൾ ഇപ്പോൾ എത്രമാത്രമുണ്ടെന്ന് വ്യക്തമാക്കാമോ ? | (ഡി) | നിലവിൽ കാസർഗോഡ് തുറമുഖ അഴി വളരെ നേരിയതും ആഴം കുറഞ്ഞതുമായതിനാൽ തുറമുഖ നിർമ്മാണം വളരെ ചെലവേറിയതാകും. ആയതിനാൽ കാസർകോട്ട് തുറമുഖം ആരംഭിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ